(സി) ഈ സ്കൂളുകൾ കെ.ഇ.ആർ. ലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ അപേക്ഷകളിൽ എത്ര എണ്ണം വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വർഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) ഈ വർഷം എത്ര സ്കൂളുകൾക്കാണ് സി.ബി.എസ്.സി., ഐ.സി.എസ്.സി. സിലബസ് സ്വീകരിക്കാനുള്ള എൻ.ഒ.സി. നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1005.

(സി) പ്രാഥമിക പരിശോധന നടത്തി ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിജ്ഞാപന പ്രകാരമുള്ള പരാതികൾ പരിശോധിച്ചതിനുശേഷം മാത്രമേ വ്യവസ്ഥകൾ പാലിക്കപ്പെട്ട സ്കൂളുകളുടെ എണ്ണം ലഭിക്കുകയുള്ളൂ.

(ഡി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഇ) 18.

പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടി

88 (2027) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് കഴിഞ്ഞ മൂന്നു മാസക്കാലമായി ശമ്പളം ലഭ്യമായിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് തുടർന്നും ശമ്പളം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly